# പതിനാലാം കേരള നിയമസഭ
# പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 36 — 29/11/2018 ൽ മറുപടിക്ക്

<u>ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ</u>

ചോദ്യം — മറുപടി

ശ്രീ.പി.സി.ജോർജ് — ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല മണ്ഡലകാലവുമായി ബന്ധപ്പെട്ട് അയ്യപ്പഭക്തർക്ക് എരുമേലി, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ സ്ഥലങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രളയം മൂലം തകർന്ന പമ്പാതീരവും പരിസരപ്രദേശവും മാലിന്യ വിമുക്തമാക്കുന്നതിനും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (ബി) | പ്രളയത്തിന് ശേഷം റ്റാറ്റാ പ്രോജക്ട്സ് ലിമിറ്റഡിനെയാണ് പമ്പയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചുമതലപ്പെടുത്തിയത്. പ്രളയത്തിൽ നശിച്ച പമ്പയിലെ ശൗചാലയങ്ങൾക്ക് പകരം പുതിയ ശൗചാലയങ്ങൾ ഏർപ്പടുത്തിയിട്ടുണ്ട്. ക്ലോക്ക് റൂം, അന്നദാന മണ്ഡപം, ഹോട്ടൽ, മെസ് എന്നിവ പുനരുദ്ധരിച്ച് ഉപയോഗ പ്രദമാക്കി. പ്രളയത്തിൽ തകർന്ന ടോയ് ലറ്റുകൾക്കു പകരം ബയോ ടോയ് ലറ്റുകളും ബയോ യൂറിനലുകളുമായി 380 ടോയിലറ്റുകൾ പുനഃ സ്ഥാപിച്ചു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സ്വീവേജ് ലൈൻ ഇവ പുനർനിർമ്മിച്ച് ഉപയോഗ പ്രദമാക്കി. പാലങ്ങൾ ഗതാഗതയോഗ്യമാക്കി അയ്യപ്പ ഭക്തർക്കു സൗകര്യമൊരുക്കി. പമ്പാ നദിയിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്തു. പ്രളയത്തിൽ തകർന്ന പമ്പാതീരത്തെ 300 മീറ്ററോളം സംരക്ഷണഭിത്തിക്കു പകരം മണൽ ചാക്കുകൾ അടുക്കി സംരക്ഷണ ഭിത്തി തീർക്കുകയുണ്ടായി കൂടാതെ മണൽ സംഭരണ സ്ഥലത്തും മണൽ ചാക്കുകൾ അടുക്കി വീണ്ടും മണൽ നദിയിലേക്കൊഴുകിയെത്തുന്നത് തടഞ്ഞിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2018 ഒക്ടോബർ മാസം നട തുറന്നപ്പോൾ പ്രസ്തുത സ്ഥലങ്ങളിലെ പൈപ്പുകളിലും ടോയ്‌ലറ്റുകളിലും വെള്ളം ഇല്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവിടെ വെള്ളം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ടോയ് ലറ്റുകളിലും, പൈപ്പുകളിലും വെള്ളം ലഭ്യമാക്കി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| (ഡി) | മണ്ഡലകാലത്ത് ശബരിമല നട തുറന്നപ്പോൾ പമ്പയിലും സന്നിധാനത്തുമുള്ള ശൗചാലയങ്ങളിൽ വെള്ളം ഇല്ലാതിരുന്നതും ശൗചാലയങ്ങൾ തുറന്നിടാതെ വൃത്തിഹീനമായ സാഹചര്യങ്ങൾ ഉണ്ടായി എന്നതും വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമെത്തിയ അയ്യപ്പഭക്തർക്ക് ശബരിമല സന്നിധാനത്ത് ഗസ്റ്റ്ഹൗസിൽ റൂം അനുവദിക്കാത്തത് എന്തുകൊണ്ടാണ്; ആയതുമൂലം ദേവസ്വം ബോർഡിന് എത്രമാത്രം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (ഇ) | സുരക്ഷയുടെ ഭാഗമായി ദേവസ്വം ഗസ്റ്റ് ഹൗസുകളിൽ തിരിച്ചറിയൽ കാർഡിന്റെയും മറ്റും പരിശോധനയിലൂടെ ആവശ്യക്കാർക്ക് മുറികൾ അനുവദിക്കുന്നുണ്ട്. എല്ലാ ദിവസവും ഒരു പോലെ താമസക്കാർ ഉണ്ടാകാറില്ല. ആയതിനാൽ ഇത്തരത്തിലുള്ള താമസക്കാരുടെ കുറവ് കാരണം വരുമാന നഷ്ടം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

സന്നിധാനം.

| | [illegible] |
|---|---|
| ആകെ മുറികൾ | 686 എണ്ണം |
| കോട്ടേജുകൾ | 10 എണ്ണം |
| വാടകയ്ക്ക് കൊടുക്കുന്നത് | 530 എണ്ണം |
| വിരി ഷെഡ് | 5,000 പേർക്ക് |
| പോലീസ് വിഭാഗത്തിന് താമസം | 2865 പേർക്ക് |
| ടോയിലറ്റ് | 997 എണ്ണം |
| ബാത്ത് റൂം | 100 എണ്ണം |
| ആകെ ജലവെള്ള സംഭരണ ശേഷി (Water Tanks) | 192 ലക്ഷം ലിറ്റർ |
| കുടി വെള്ള വിതരണം | 300 ടാപ്പുകൾ |
| ചുക്കുവെള്ളം | 40 കൗണ്ടർ |
| അന്നദാനം | 2500 |
| ആശുപത്രികൾ | 5 എണ്ണം |
| അടിയന്തര വൈദ്യസഹായ സെന്റർ (EMC) | 5 എണ്ണം |
| ഇൻസിനറേറ്റർ(മാലിന്യം കത്തിക്കുന്നതിന്) | 3 എണ്ണം (550 Kg/hr) |
| സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 1 എണ്ണം (5 MLD) |

Section Officer

പമ്പ

| | |
|---|---|
| മുറികൾ വാടകയ്ക്ക് കൊടുക്കുന്നത് | 10 എണ്ണം |
| ഡിപ്പാർട്ട്മെന്റുകൾക്ക് | 14 ഷെഡ് |
| പോലീസ് വിഭാഗത്തിന് താമസം | 50 മുറികൾ |
| പോലീസ് വിഭാഗത്തിന് | 5 ഹാൾ |
| ടോയിലറ്റ് & യൂറിനൽ | 380 എണ്ണം |
| ചുക്കുവെള്ളം | 3 കൗണ്ടർ |
| ശുദ്ധജലം (101 കിയോസ്ക്) KWA | 404 ടാപ്പുകൾ |
| അന്നദാനം (ഒരേസമയം) | 300 പേർക്ക് |
| ആശുപത്രികൾ | 4 |
| അടിയന്തര വൈദ്യസഹായ സെന്റർ & ഓക്സിജൻ പാർലർ (EMC) | 9 എണ്ണം |
| ഇൻസിനറേറ്റർ(മാലിന്യം കത്തിക്കുന്നതിന്) | 3 എണ്ണം (550 Kg/hr) |
| സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് 3.5 MLD | 1 എണ്ണം |

Section Officer

No. 8

To ഉണ്ണൂദേവി. (Q NO: 36.A)

ടോയ്‌ലറ്റ് – 245

ബാത്ത്റൂം – 100

ഷവർബാത്ത് – 700

വിരിവയ്ക്കാൻ ഷെൽട്ടർ – 4 എണ്ണം (500 Nos)

കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ദേവസ്വം ബോർഡ് വക അന്നദാനം നടക്കുന്നു.

ട്രീറ്റ്മെന്റ് പ്ലാന്റ് – 2 എണ്ണം (പ്രവർത്തനക്ഷമമല്ലാത്ത്)

Section Officer

**നിലയ്ക്കൽ**

| | |
|---|---|
| മുറികൾ/ഹാൾ വാടകയ്ക്ക് കൊടുക്കുന്നത് (9 മുറി + 10 ഹാൾ) (പുതിയ കെട്ടിടം) | ആകെ 160 ബെഡ് |
| വിശ്രമ സങ്കേതങ്ങൾ | 9,000 പേർക്ക് |
| പോലീസ് വിഭാഗത്തിന് താമസം | 1120 പേർക്ക് |
| മറ്റ് ഉദ്യോഗസ്ഥർ | 300 പേർക്ക് |
| മറ്റ് ജീവനക്കാർ (താല്ക്കാലികം) പ്ലാപ്പള്ളി മുതൽ | 700 പേർക്ക് |
| ടോയിലറ്റ് | 920 എണ്ണം |
| ബാത്ത് റൂം | 50 എണ്ണം |
| കുടി വെള്ളം (156 കിയോസ്ക്) KWA | 228 ടാപ്പുകൾ |
| ചുക്കുവെള്ളം | 7 കൗണ്ടർ |
| RO Plant (1000 L/hr) | 25 എണ്ണം |
| അന്നാദാനം (ഒരേസമയം)<br>3500 പേർക്ക് വരെ കൊടുത്തിരുന്നു<br>രാവിലെ 7 -11 - കാപ്പി<br>ഉച്ചയ്ക്ക് 12 -3 - ഊണ്<br>രാത്രി 7 -10 -കഞ്ഞി, പയർ, അച്ചാർ | 3500 പേർക്ക് കൊടുക്കുന്നു അതിൽ കൂടുതൽ ആൾക്കാർക്ക് ഭക്ഷണം കൊടുക്കാനുള്ള സൗകര്യമുണ്ട് |
| ആശുപത്രി | 1 |
| ഇൻസിനറേറ്റർ(മാലിന്യം കത്തിക്കുന്നതിന്) | 2 എണ്ണം (400 Kg/hr) |
| വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം | 20,000 എണ്ണം |
| ജല സംഭരണി വലുത് | 65 ലക്ഷം |
| വാട്ടർ ടാങ്കുകൾ (5000 ലിറ്റർ) TDB | 45 എണ്ണം |
| വാട്ടർ ടാങ്കുകൾ (5000 ലിറ്റർ) KWA | 225 എണ്ണം |

Section Officer